Draft #3 of File AcA4/1/42976/B.ArchCourseMapping/2021 Approved by ASSISTANT REGISTRAR II (ACADEMIC) on 16-Sep-2021 07:52 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ബി ആർക്ക് -പരിഷ്കരിച്ച സ്കീം&സിലബസ് 2019 -കോഴ്സ് മാപ്പിംഗുമായി ബന്ധപ്പെട്ട ഇലക്ടീവ് വിഷയങ്ങൾ ക്ക് പ്രത്യേക കോഴ്സ് കോഡ് നൽകുന്നതും അതിനനുസൃതമായി കോഴ്സിന്റെ സ്കീം &സിലബസിൽ ഭേദഗതി വരുത്തുന്നതും- ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ , ബി ആർക്ക് & എം ആർക് (സംയുക്തം) ശുപാർശകൾ അംഗീകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച് :

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 4696/AC A 4/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 17.09.2021

---

*പരാമർശം:*-(1) 2.09.2021 ൽ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ സർവ്വകലാശാലയിലേക്ക് അയച്ച ഇ-മെയിൽ സന്ദേശം

**ഉത്തരവ്**

സർവകലാശാല നടത്തിവരുന്ന ബി ആർക്ക് കോഴ്സിന്റെ 2019 ൽ പരിഷ്കരിച്ച നിലവിലെ സ്കീം &സിലബസ് പ്രകാരം മൂന്നാം സെമസ്റ്റർ മുതൽ ഇലക്ടീവ് വിഷയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട് . എന്നാൽ ടി കോഴ്സിന്റെ നിലവിലെ സ്കീമിൽ ഇലക്ടീവ് വിഷയങ്ങളുടെ വകഭേദങ്ങൾക്കു പ്രത്യേകം കോഴ്സ് കോഡുകൾ നൽകിയിട്ടില്ല. ഇത്, ടി കോഴ്സ് പുതിയ സോഫ്റ്റ് വെയറിലേക്കു മാപ്പിംഗ് നടത്തിയപ്പോൾ പ്രായോഗികതടസ്സങ്ങൾക്കു കാരണമാവുകയും ആയതിനാൽ വിഷയം ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും അഭിപ്രായങ്ങൾ തേടുകയും ചെയ്തിരുന്നു.

കോഴ്സ് കോഡുകൾ നൽകുവാനുള്ള ഇലക്ടീവ് വിഷയങ്ങൾക്ക് ആയവ ഉൾപ്പെടുത്തിയിട്ടുള്ള സെമെസ്റ്ററുകളിൽ :അതായത് മൂന്നാം സെമെസ്റ്ററിലേതെങ്കിൽ '19AR308E1,E2' എന്ന രീതിയിൽ അതത് സെമെസ്റ്ററുകളിലെ ഇലക്ടീവ് കോഴ്സുകൾക്ക് പേപ്പർ കോഡ് നൽകുവാനും ആയതു ടി പ്രോഗ്രാമിന്റെ നിലവിലെ സ്കീം & സിലബസ്സിൽ ഉൾപ്പെടുത്തുവാനും പരാമർശം (1) പ്രകാരം ബോർഡ്ചെയർമാൻ ശുപാർശ ചെയ്യുകയുണ്ടായി. ടി ശുപാർശ പരിശോധിച്ച ബഹു.വൈസ് ചാൻസലർ, പ്രസ്തുത വിഷയത്തിന്റെ അടിയന്തിര സ്വഭാവം പരിഗണിച്ച് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം 3 ,10(17) വകുപ്പ് പ്രകാരം തന്നിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് 13/09/2021 ൽ അംഗീകരിക്കുകയും ചെയ്തു.

തദനുസരണം ബി ആർക്ക് കോഴ്സിന്റെ നിലവിലെ സ്കീം & സിലബസിൽ മേൽ വിശദീകരിച്ചിരിക്കും വിധം ഇലക്ടീവ് കോഴ്സുകൾക്ക് കോഡുകൾ നൽകി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൻജാൻ എ എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)

പകർപ്പ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

1.വി സി /പിവിസി യുടെ പിഎസ്

2, രജിസ്ട്രാർ /പരീക്ഷ കൺട്രോളറുടെ പി എ

3. ചെയർമാൻ ,ബോർഡ് ഓഫ് സ്റ്റഡീസ് ,ബി ആർക്ക് & എം ആർക് (സംയുക്തം)

4.ഇ ഐ 32 / ഇ ബി / OQPM സെക്ഷനുകൾ

5.എ ആർ/ ഡി ആർ /ജെ ആർ(പരീക്ഷ/അക്കാദമിക്)

6.കണ്ടന്റ് മാനേജ്മെന്റ്/റെക്കോർഡ്സ് സെക്ഷൻ

Draft #3 of File AcA4/1/42976/B.ArchCourseMapping/2021 Approved by ASSISTANT REGISTRAR II (ACADEMIC) on 16-Sep-2021 07:52 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം